എറണാകുളം ചാപ്റ്റർ മീറ്റിന്റെ വിശേഷങ്ങൾ തീരുന്നില്ല..

ഉച്ചയൂണ് കഴിഞ്ഞ് മീറ്റ് പുനരാരംഭിക്കുമ്പോൾ ഒരു ടാസ്ക് കിട്ടിയത് ജോസ് സെബാസ്റ്റ്യനാണ്. എന്തെങ്കിലും പറഞ്ഞാലേ സ്റ്റേജ് വിട്ട് പോരാൻ കഴിയൂ എന്ന അവസ്ഥയിൽ തന്റെ ബാങ്ക് ജീവിതത്തിലെ ആദ്യകാലത്തെ രസകരമായ ഒരു കഥ പറഞ്ഞ് ജോസ് വേദി വിട്ടതിന് പിറകേ വന്നത് ഒരു ഗായികയായിരുന്നു.

മകരമാസക്കുളിരിന്റെ തണുപ്പേൽക്കാൻ പുറത്തിറങ്ങി നിന്നവന്റെ മുന്നിൽ നനുനനുത്ത മഞ്ഞുമഴ പൊഴിഞ്ഞ പോലെ ഒരു മെലഡി ആസ്വാദകർക്കു മുന്നിൽ പെയ്തിറങ്ങി...

മധുരജീവരാഗം മതിമറന്നു പാടിയ ആ ഗായികയിലൂടെ ഈ ദളം വിടരുന്നു.

റോഷ്ന സതീഷ്,<br>
സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ,<br>
അഡ്മിനിസ്ട്രേറ്റീവ് ഓഫീസ്,<br>
എറണാകുളം.

ഗുജറാത്തിൽ സ്ഥിരതാമസമാക്കിയിരുന്ന ചേർത്തലക്കാരായ രാമചന്ദ്രൻ നായരുടെയും കോമളം ആർ നായരുടെയും രണ്ട് മക്കളിൽ ഇളയവളാണ് റോഷ്ന. രാമചന്ദ്രൻ നായർ 2019ൽ ദിവംഗതനായി. മക്കളിൽ മൂത്തയാൾ ഇന്ന് നെതർലൻഡ്സിൽ എഞ്ചിനീയർ ആയ രാജ് കിരൺ ആർ നായർ. ഇവരുടെ ബന്ധുക്കളെല്ലാം അക്കാലത്ത് ഗുജറാത്തിന്റെ പല ഭാഗങ്ങളിൽ തന്നെയായിരുന്നു.
അച്ഛന് അവിടെ ഒരു സ്വകാര്യകമ്പനിയിൽ ജോലി ആയിരുന്നു.

കുട്ടികളുടെ ജനനശേഷം അമ്മ കുട്ടികളെയും കൊണ്ട് നാട്ടിലെത്തി. അച്ഛൻ ജോലി സംബന്ധമായി ദുബായിലേക്ക് പറന്നു. ഗുജറാത്തിലാണ് ജനിച്ചതെങ്കിലും കുട്ടികളുടെ വിദ്യാഭ്യാസം ആദ്യകാലം മുതൽ ചേർത്തലയിൽ തന്നെയായിരുന്നു.

പന്ത്രണ്ടാം ക്ലാസ്സ് വരെ പട്ടണക്കാട് പബ്ലിക് സ്കൂൾ. സ്കൂളിനെക്കുറിച്ച് പറയുമ്പോൾ റോഷ്നയുടെ വാക്കുകളിൽ വിഷാദം നിറഞ്ഞു. പണ്ട് ഹൈവേയുടെ അരികിൽ തലയുയർത്തി നിന്ന സ്കൂൾ ഇന്ന് റോഡ് വികസനത്തിൽ നഷ്ടമായതോർക്കുമ്പോൾ റോഷ്നയുടെ മനസ്സിൽ ഒരു വിങ്ങലാണ്.

ബയോടെക്നോളജിയിൽ ബിരുദപഠനം ആലപ്പുഴ എസ് ഡി കോളേജിലും ബിരുദാനന്തര ബിരുദം നെല്ലിക്കുഴി ഇന്ദിരാഗാന്ധി കോളേജ് ഓഫ് ആർട്സ് ആൻഡ് സയൻസിലും.
സ്കൂൾ പഠനകാലം മുതൽ ചേട്ടന്റെ നിഴലായ് നടക്കുന്ന ആളായിരുന്നു റോഷ്ന. ചേട്ടൻ നന്നായി പാടുമായിരുന്നു. ചേട്ടനൊപ്പം പാട്ടിനും ഡാൻസിനും മലയാളം പദ്യപാരായണത്തിനും ഫാൻസിഡ്രസ്സിനും ഒക്കെ

റോഷ്നയും പങ്കെടുക്കുകയും സമ്മാനങ്ങൾ വാങ്ങുകയും ചെയ്തു. സ്കൂളിൽ ഗ്രൂപ്പ് ക്യാപ്റ്റൻ കൂടിയായിരുന്നു റോഷ്ന.
സഭാകമ്പം തീരെയില്ലാത്ത കുട്ടിയായിരുന്നു താനെന്ന് റോഷ്ന ഇന്നും ഓർക്കുന്നു. ചേട്ടനൊപ്പം ഒരു വാശിക്ക് പഠിച്ച് സ്റ്റേജിൽ കയറി പാടിയ ശങ്കർ മഹാദേവന്റെ ബ്രെത്ലസ് ഇന്നും സുഖമുള്ള ഒരോർമയാണ്.

ഡിഗ്രി പഠനകാലത്ത് രൂപപ്പെട്ട ഏഴു സുഹൃത്തുക്കളുടെ ഒരു കൂട്ടായ്മയാണ് തന്റെ പാട്ടിനെ തേച്ചു മിനുക്കിയതെന്ന് റോഷ്ന. ഡിഗ്രിക്ക് ശേഷം ഏഴ് പേരും ഒന്നിച്ച് ഒരേ കോളേജിലേ ബിരുദാനന്തര ബിരുദത്തിന് ചേരൂ എന്ന് തീരുമാനമെടുത്തു. അങ്ങനെ കോളേജിലും ഹോസ്റ്റലിലും അവർ ഒന്നിച്ചായി. ഒഴിവുസമയങ്ങളൊക്കെ അവർ ഒന്നിച്ചിരുന്ന് പാട്ടുകൾ പാടി ആസ്വദിച്ചു. സെവൻസ് എന്ന് പേരിട്ടിരുന്ന ആ കൂട്ടായ്മ ഇന്നും തുടരുന്നു. പലരും പല വഴിക്കായെങ്കിലും ഓൺലൈനിൽ അവരൊന്നിച്ച് ഇടയ്ക്കിടെ കാണുകയും പാട്ടുകൾ പാടി ആഘോഷിക്കുകയും ചെയ്യുന്നു.

2009 ലാണ് റോഷ്ന ബാങ്കിൽചേരുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെ വാരനാട് ശാഖയിൽ നിന്നായിരുന്നു തുടക്കം. അതിനുശേഷം ചേർത്തല പേഴ്സണൽ ബാങ്കിംഗ് ബ്രാഞ്ചിലും 2014 അസിസ്റ്റന്റ് മാനേജർ ആയി പ്രമോഷൻ നേടി ചെറുതുരുത്തി ബ്രാഞ്ചിലും ജോലി ചെയ്തു. പിന്നീട് ഇരിഞ്ഞാലക്കുട ഠാണ പി ബി ബ്രാഞ്ചിൽ അക്കൗണ്ടന്റായി. തുടർന്ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയുടെ കാട്ടൂർ ബ്രാഞ്ചിൽ സർവീസ് മാനേജരായും പനമ്പള്ളി നഗറിൽ ഉള്ള ആർ എ സി പി സി യിൽ മെയിന്റനൻസ് ഓഫീസറായും ജോലി ചെയ്തു. 2021ൽ ഡെപ്യൂട്ടി മാനേജർ ആയി പ്രമോഷനായി എറണാകുളം അഡ്മിനിസ്ട്രേറ്റീവ് ഓഫീസിൽ റിലേഷൻഷിപ്പ് മാനേജരായി.

ഇരിങ്ങാലക്കുട ശാഖയിൽ ജോലി ചെയ്യുമ്പോഴാണ് റോഷ്ന ബാങ്കിന്റെ കലാമത്സരങ്ങളിൽ പങ്കാളിയായി തുടങ്ങുന്നത്. അന്ന് നടന്ന സർഗോത്സവത്തിൽ ഗാനാലാപനത്തിന് ഒന്നാം സമ്മാനവും തിരുവാതിരയ്ക്ക് മൂന്നാം സമ്മാനവും നേടി. സ്റ്റേറ്റ് ബാങ്ക് ഓഫീസേഴ്സ് കോൺഫെഡറേഷന്റെ കൾച്ചറൽ ഫെസ്റ്റിൽ പാട്ടിനും ബാഡ്മിന്റനും ക്രിക്കറ്റിനും ഒക്കെ പങ്കെടുത്തു.

2024ൽ ബാങ്ക് വനിതകൾക്കായി നടത്തിയ സൗഹൃദ ക്രിക്കറ്റ് മത്സരത്തിലും റോഷ്ന സജീവമായിരുന്നു.

ട്രോൾ ഗ്രൂപ്പിലൂടെയാണ് റോഷ്ന ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പിൽ സജീവമാകുന്നത്. അതും തൃശ്ശൂർ ജോലി ചെയ്യുമ്പോൾ തന്നെ. നമ്മുടെ മുൻകാല ദളമായി വന്ന ഹരികൃഷ്ണൻ ആയിരുന്നു അതിൽ റോഷ്നയുടെ വഴികാട്ടി. ഓൺലൈൻ പരിപാടികളിൽ ഒക്കെ റോഷ്ന ഗ്രൂപ്പിൽ സജീവമായിരുന്നു. കോഴിക്കോട് നടന്ന ടി ബി മീറ്റിൽ ഒരു ഗ്രൂപ്പ് ഡാൻസിൽ പങ്കെടുത്ത റോഷ്ന സൗമ്യക്കൊപ്പം ഒരു ഗാനവും അവതരിപ്പിച്ചു. കോട്ടയത്ത് മാമിഗാങ്ങിന്റെ ഒരു സമൂഹ നൃത്ത പരിപാടിയിലും ഇന്ദു പ്രദീപുമായി ചേർന്ന് ഒരു ഗാനാലാപനത്തിലും പങ്കെടുത്ത് എല്ലാവരുടെയും പ്രശംസ നേടി.

ആദ്യമായി തനിയെ ഒരു പരിപാടി അവതരിപ്പിക്കുന്നത് എറണാകുളത്ത് നടന്ന മിനി മീറ്റിലാണ്. അൽഫോൺസ് ജോസഫ് ഈണം ഇട്ട് മൃദുല വാരിയർ പാടിയ ആ ഗാനം ആദ്യം കേൾക്കുമ്പോൾ തന്നെ തന്റെ ഇഷ്ടഗാനമായി മാറിയെന്ന് റോഷ്ന. പക്ഷേ അതിത്ര മനോഹരമായാണ് താൻ ആലപിച്ചതെന്ന് പരിപാടി കഴിഞ്ഞ് താഴെക്കിറങ്ങുമ്പോൾ കേട്ട കയ്യടിയും എല്ലാവരുടെയും അഭിനന്ദനങ്ങളും ഏറ്റുവാങ്ങിയപ്പോഴാണ് മനസ്സിലായത്. ഇനിയുള്ള മീറ്റുകളിൽ കൂടുതൽ മെച്ചപ്പെട്ട പരിപാടികൾ അവതരിപ്പിക്കാനാണ് തനിക്ക് ആഗ്രഹമെന്ന റോഷ്ന പറഞ്ഞു.

നവംബർ 24ന് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ ഗുരുവായൂരിൽ ഏകാദശി വിളക്കിന്റെ ഭാഗമായി നടത്തിയ പരിപാടിയിൽ "മൗലിയിൽ മയിൽപ്പീലി ചാർത്തി..."എന്ന ഗാനം സമർപ്പിച്ചപ്പോൾ ആദ്യമായാണ് അവിടെ ഒരു ഗാനം അവതരിപ്പിക്കുന്നത് എന്നൊക്കെ മറന്നു. കണ്ണന്റെ തൃപ്പാദങ്ങളെ പുൽകിയ ഒരനുഭവമായിരുന്നു അതെന്ന് റോഷ്ന.

എറണാകുളം സബ്കോടതിയിലെ ജൂനിയർ സൂപ്രണ്ട് സതീഷ് ആണ് റോഷ്നയുടെ ജീവിത പങ്കാളി. തേവര സേക്രട്ട് ഹാർട്ട് സ്കൂളിലെ പത്താം ക്ലാസ് വിദ്യാർത്ഥിയായ ആദികേശവും മൂന്നു വയസ്സുകാരൻ അഭിഷ്ണവും ഒത്ത് എറണാകുളത്ത് പനമ്പള്ളി നഗറിൽ ആണ് ഇപ്പോൾ താമസം. ക്രിക്കറ്റ് ഏറെ ഇഷ്ടപ്പെടുകയും മത്സരങ്ങളിൽ ഒക്കെ പങ്കെടുക്കുകയും ചെയ്യുന്ന ആദികേശവിന്റെ സൗകര്യാർത്ഥം ആണ് എറണാകുളത്തേക്ക് താമസം മാറിയതെന്ന് റോഷ്ന.

തന്റെ കലാജീവിതം മെച്ചപ്പെടുത്തുന്നതിന് ടാലന്റഡ് ബാങ്കേഴ്സ് ഗ്രൂപ്പ് വഹിച്ച പങ്കിനെക്കുറിച്ചു പറയുമ്പോൾ റോഷ്ന വാചാലയായി. ആ ഗ്രൂപ്പിൽ നിന്നും ലഭിക്കുന്ന പ്രോത്സാഹനം ഏറെ സന്തോഷം നൽകുന്നു. നൃത്തത്തിലും സംഗീതത്തിലും ഇനിയും ഒരുപാട് ദൂരം സഞ്ചരിക്കാൻ റോഷ്നക്ക് കഴിയട്ടെ എന്ന് ടീബി കുടുംബം ആശംസിക്കുന്നു.

-----------------------------------------------------------------------------------------------

തയ്യാറാക്കിയത് : അനിൽ ഉണ്ണിത്താൻ ( Anil Unnithan), സെൻട്രൽ ബാങ്ക് ഓഫ് ഇന്ത്യ, കൊല്ലം ശാഖ

English version: Drisya Saseendran , Union Bank of India, Regional Office, Udupi

അവതരണം : സ്വപ്നരാജ് (Swapna Raj), സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, RBO തിരുവല്ല

-------------------------------------------------------------------------------------------------

Seamless are the idiosyncrasies of the Ernakulam Chapter meet.

As the meet resumed after lunch, the spotlight turned to Jose Sebastian, tasked with addressing the audience before stepping off the stage. Rising to the occasion, he recounted a humorous anecdote from his early days in banking, before making his exit.

Then entered a singer, whose voice swept over the audience like a delicate mist on a tranquil

morning.

We acquaint you with that singer, who with her soulful rendition of a mellifluous song captivated every heart.

Roshna Satheesh
State Bank of India,
Administrative Office,
Ernakulam.

Roshna, the younger of two siblings, hails from a family with roots in Cherthala, though they eventually settled in Gujarat. Her parents, Mr Ramachandran Nair and Mrs Komalam R. Nair, had moved to Gujarat in pursuit of employment opportunities. Her father passed away in the year 2019. Her elder brother, Raj Kiran R. Nair, now works as an engineer in the Netherlands.

Although born in Gujarat, Roshna and her brother returned to Kerala along with their mother for their education while their father pursued work in Dubai. She completed her schooling up to the 12th grade at Pattanakkad Public School in Cherthala. With a hint of sorrow, Roshna reflects on the once vibrant school, which stood proudly by the highway, but was ultimately demolished to make way for road expansion.

Roshna completed her undergraduate studies in Biotechnology at SD College, Alappuzha, before pursuing a postgraduate degree at Indira Gandhi College of Arts and Science, Nellikuzhi. During her school years, she often found herself in the shadow of her exceptionally talented elder brother, a gifted singer whose skill greatly inspired her. Motivated by his example, Roshna immersed herself in a variety of extracurricular activities, including singing, dancing, poetry recitation, and fancy dress competitions, where she garnered numerous accolades.

Roshna was group captain at her school and she recollects that she did not have stage fear. She fondly remembers her performance with her brother, of the breathless song originally sung by Shankar Mahadevan.

While pursuing degree, Roshna and her seven close-knit friends formed a musical group that played a pivotal role in nurturing her vocal abilities. After completing their degrees, they chose to continue their academic journeys together, enrolling in postgraduate studies at the same college. They lived together in the hostel, dedicating their free time to music and song. Their group, aptly named "Sevens," remains united in spirit, staying active online and occasionally reuniting to celebrate their bond through music.

Roshna embarked on her banking career in 2009, beginning her journey at the Vaaranad branch of State Bank of Travancore. Over the years, she held key roles in several branches, including those in Cherthala, Cheruthuruthy, Tana branch in Irinjalakuda, Kattur branch and RACPC in Panampilly Nagar. She got promoted as Assistant Manager in 2014 and as Deputy Manager in 2021. Presently, Roshna is working as a Relationship Manager at the SBI Administrative Office in Ernakulam, where she continues to excel in her profession.

Roshna’s involvement in the bank’s cultural activities began during her time at the Irinjalakuda branch, where she earned first prize for singing and third prize for Thiruvathira dance. Her talents

extended beyond music and dance, as she also excelled in sports like badminton and cricket, demonstrating her well-rounded abilities.

In 2024, Roshna eagerly took part in a women's friendship cricket match organized by the bank. She became an active member of the Troll group. Harikrishnan who has already been presented through this column was her mentor.

Whether taking part in online events or cultural gatherings, Roshna consistently captivated audiences with her solo and group performances, showcasing her talents in both singing and dancing, all of which garnered her widespread acclaim. At the Kozhikode meet, she participated in a group dance performance and also teamed up with Soumya for a song. In Kottayam, she joined the Mami gang for a group dance and later performed a song alongside Indu Pradeep, earning praise and applause from everyone present.

At the Chapter meet in Ernakulam, Roshna captivated the audience with a performance of a song originally sung by Mridula Warrior, which had become one of her personal favorites. The overwhelming applause and appreciation she received fuelled her determination to refine her craft and deliver even more polished performances in future gatherings.

On November 24, during an event organized by SBI in Guruvayur as part of the Ekadashi celebrations, Roshna had the privilege of performing the devotional song "Mauliyil Mayilpeeli Charthi". She considered the performance a sacred offering to Lord Krishna, a heartfelt expression of her profound reverence and spiritual connection.

Roshna now resides in Panampilly Nagar, Ernakulam, with her husband, Satheesh, a Junior Superintendent at the Ernakulam Sub-Court, and their two children: Adikeshav, a passionate cricket enthusiast and 10th-grade student, and their young son Abhishnu, who is three years old. The family moved to Ernakulam to better support Adikeshav's growing interest in cricket.

Roshna, while reflecting on the transformative influence of the Talented Bankers group on her artistic journey, expressed deep gratitude for their steadfast encouragement and support. She credited the group as a cornerstone of inspiration that has significantly shaped her creative pursuits.The TB family wholeheartedly extends their best wishes, envisioning her ascent to even greater heights in music and dance, leaving a luminous mark on every stage she adorns.